A

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## സാമൂഹ്യശാസ്ത്രം - വിലയിരുത്തൽ സൂചകങ്ങൾ

GI 705

ക്ലാസ്: 7 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

- 6 ചോദ്യങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
- 2, 3 ചോദ്യങ്ങൾക്ക് ഇന്റേണൽ ചോയ്സുണ്ട്. ഇന്റേണൽ ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നീ പിരിവുകളിൽ ഒന്നിനുമാത്രം ഉത്തരം എഴുതിയാൽ മതി.
- ഓരോ ചോദ്യവും വിലയിരുത്തി ഗ്രേഡ് a, b, c, d രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് വിഷയത്തിന്റെ ഓവറോൾ ഗ്രേഡ് നൽകണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ കൊടുക്കേണ്ടതാണ്.

| ശതമാനം | ഗ്രേഡ് |
|---|---|
| 80-100 | A - Outstanding |
| 60-79 | B - Very Good |
| 40-59 | C - Good |
| 30-39 | D - Satisfactory |
| 30 ൽ താഴെ | E - Needs Improvement |

**1)** പഠനലക്ഷ്യം

മുഗൾ രാജവംശത്തിന്റെ രാഷ്ട്രീയനയങ്ങൾ, സാമൂഹ്യഘടന, ഭൂവുടമ വ്യവസ്ഥയുടെ സ്വഭാവം, സാമ്പത്തിക പ്രവർത്തനങ്ങൾ മുതലായവ വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

i. 1526 – 1530
ii. അക്ബർ
iii. 1605 -1627
iv. ഷാജഹാൻ

(ഏതെങ്കിലും രണ്ട് ഉത്തരങ്ങൾ ശരിയായിട്ടുണ്ടെങ്കിൽ) (2)

b) **B.** പ്രസ്താവന ഒന്നും മൂന്നും ശരി (1)

c) മാൻസബ്ദാരി സമ്പ്രദായത്തെക്കുറിച്ച് ഏതെങ്കിലും രണ്ട് പോയിന്റുകൾ എഴുതിയിട്ടുണ്ട്.

- ഓരോ ഉദ്യോഗസ്ഥന്റെയും കീഴിൽ ഒരു സൈനിക വ്യൂഹമുണ്ടായിരിക്കും.
- ഓരോ ഉദ്യോഗസ്ഥനും നിലനിർത്തേണ്ട കുതിരപ്പടയാളികളുടെ എണ്ണത്തെയാണ് മാൻസബ് എന്ന പദവി സൂചിപ്പിക്കുന്നത്.
- മാൻസബ്ദാർമാർക്ക് അവരുടെ പദവിക്കനുസരിച്ച് ഭൂമി പതിച്ചു നൽകിയിരുന്നു. (2)

**2A)** പഠനലക്ഷ്യം

**വിജയനഗര രാജവംശത്തിലെ ഭരണസംവിധാനത്തെക്കുറിച്ച് ധാരണ നേടുന്നതിന്.**

a)

**A.** സമൂഹത്തിൽ ബ്രാഹ്മണർക്കായിരുന്നു ഉയർന്ന മേധാവിത്വം.

**C.** ശൈശവവിവാഹം, സതി സമ്പ്രദായം എന്നിവയും സമൂഹത്തിൽ കാണപ്പെട്ടിരുന്നു.

**D.** രാജകീയ കണക്കുകൾ തയ്യാറാക്കിയിരുന്നത് സ്ത്രീകളാണ്. (3)

b) A. പ്രസ്താവന ശരി. കാരണം തെറ്റ്. (1)

c) ദ്രാവിഡ ശില്പരീതി (1)

**അല്ലെങ്കിൽ**

**2 B)** പഠനലക്ഷ്യം

വിജയനഗര സാമ്രാജ്യത്തിന്റെ രാഷ്ട്രസ്വഭാവം, ഭരണസംവിധാനം എന്നിവയെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു.

a) A. ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ, നാടുകൾ, സ്ഥലം, ഗ്രാമങ്ങൾ എന്നിങ്ങനെ വിഭജിച്ചിരുന്നു.

B. മന്ത്രിമാരെ തരംതാഴ്ത്തുന്നതിനും ശിക്ഷിക്കുവാനുമുള്ള അധികാരം രാജാവിനായിരുന്നു.

C. സൈനിക മേധാവികൾ 'അമരനായകൻമാർ' എന്നറിയപ്പെട്ടിരുന്നു. (3)

b) കൃഷ്ണദേവരായർ (1)

c) ലോട്ടസ് മഹൽ (1)

3(A) പഠനലക്ഷ്യം

ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

- പ്രാദേശിക ഭാഷകളിൽ കീർത്തനങ്ങളുടെ രചനയും ആലാപനവും
- സ്ത്രീകൾക്ക് തുല്യമായ പങ്കാളിത്തം
- ഇഷ്ട ദൈവത്തോടുള്ള അകമഴിഞ്ഞ ആരാധന (3)

ഏതെങ്കിലും മൂന്നെണ്ണം എഴുതിയാൽ മതി

a) ii. ലംഗാർ - ഗുരു നാനാക്ക്

iii. കൃഷ്ണഭജനുകൾ - മീരാബായ് (2)

അല്ലെങ്കിൽ

3(B) പഠനലക്ഷ്യം

ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

| | |
|---|---|
| i. തമിഴ്നാട് | ആണ്ടാൾ |
| ii. രാജസ്ഥാൻ | മീരാഭായ് |
| iii. കാശ്മീർ. | ലാൽദേദ് |
| iv. കർണ്ണാടക | അക്ക മഹാദേവി |

(2)

b) ജാതി വിവേചനത്തിനെതിരെയുള്ള മനോഭാവം

സഹിഷ്ണുത, അടിച്ചേൽപ്പിക്കപ്പെട്ട ആചാരങ്ങളെ ചോദ്യം ചെയ്യാനുള്ള മനോഭാവം

പ്രാദേശിക ഭാഷകളുടെ വളർച്ച, ഏകദൈവ വിശ്വാസം

(ഇവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതിയാൽ) (3)

4. A) പഠനലക്ഷ്യം

ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ മനസിലാക്കുന്നതിനും തിരിച്ചറിയുന്നതിനും

a) പാർലമെന്ററി ജനാധിപത്യം

ജനങ്ങളുടെ പരമാധികാരം, മൗലികാവകാശങ്ങൾ,

മൗലിക കടമകൾ, മാർഗനിർദേശക തത്ത്വങ്ങൾ, നിയമവാഴ്ച,

സാർവത്രിക പ്രായപൂർത്തിവോട്ടവകാശം,

സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ,

ഫെഡറലിസം, ഏക പൗരത്വം. (ഇവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതിയാൽ) (3)

b) ഡോ. ബി.ആർ അംബേദ്കർ (1)

c) B. പ്രസ്താവനയും കാരണവും ശരി. (1)

5) പഠനലക്ഷ്യം

ഇന്ത്യൻ ഭരണഘടന ജൈവസ്വഭാവം ഉള്ളതാണെന്ന് തിരിച്ചറിയുന്നു.

a) ബാലവേല നിരോധന നിയമം, ബാലനീതി നിയമം, വിദ്യാഭ്യാസ അവകാശ നിയമം ഇവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (4)

b) ചൈൽഡ് വെൽഫയർ പോലീസ് ഓഫീസർ (1)

6) പഠനലക്ഷ്യം

സമൂഹത്തിൽ ചില വ്യക്തികളും വിഭാഗങ്ങളും അരികുവൽക്കരണത്തിന് വിധേയമാകുന്നതെന്തുകൊണ്ടെന്ന് തിരിച്ചറിയുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങളോട് അനുതാപപൂർണ്ണമായ നിലപാട് സ്വീകരിക്കുന്നതിനും.

a)

| പ്രകൃതിദുരന്തങ്ങൾ. | മനുഷ്യനിർമ്മിത ദുരന്തങ്ങൾ |
|---|---|
| • സുനാമി<br>• ഭൂമികുലുക്കം<br>• പ്രളയം | • യുദ്ധം<br>• പടക്കനിർമ്മാണശാലയിലെ അപകടം<br>• വാഹനാപകടം |

(3)

b) അനുയോജ്യമായ പോസ്റ്റർ തയ്യാറാക്കുന്നു. (2)